നം. എം4/ 78042/ 2011/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസ്
തിരുവനന്തപുരം , തീയതി. 19/11/2011

# സർക്കുലർ

വിഷയം :- പൊ.വി.വ - തളിര് മാസികയുടെ പ്രചാരം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എടുത്ത തീരുമാനങ്ങൾ

സൂചന :- 3.11.2011 ന് ഡിപിഐ യുടെ ചേമ്പറിൽ ചേർന്ന യോഗം - തീരുമാനം

മേൽ സൂചന പ്രകാരം കേരള ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി പ്രസിദ്ധീകരിക്കുന്ന തളിര് മാസികയുടെ പ്രചരണം വർദ്ധിപ്പിക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ എടുത്തിരിക്കുന്നു. ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമ്മാർ ആവശ്യമായ ശ്രദ്ധക്കൊടുത്ത് ഈ തീരുമാനം നടപ്പിലാക്കേണ്ടതാണ്.

കുട്ടികളുടെ മാനസ്സിക വളർച്ചയ്ക്ക് അനുഗുണമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന തളിര് സമൂഹത്തിന്റെ ഭാവി സുരക്ഷിതമാക്കുക എന്നതാണ് ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത്. മൂല്യവത്തായ ആശയങ്ങളുടെ രൂപീകരണമാണല്ലോ ഒരു സമൂഹത്തിന്റെ വളർച്ച. ആയതിനാൽ തളിര് പോലുള്ള മാസികകൾ കൂടുതൽ കുട്ടികൾ വായിക്കുകയും അവ ചർച്ച ചെയ്യപ്പെടുകയും വേണം. അതിനുള്ള പ്രവർത്തന പദ്ധതികൾ വിദ്യാരംഗം കൺവീനർമാരുമായി ആലോചിച്ച് നടപ്പിലാക്കിയെന്നുള്ളത് ഉറപ്പുവരുത്തേണ്ട ചുമതല താങ്കൾക്കാണെന്ന് ഓർമ്മിപ്പിക്കുന്നു.

1. സ്കൂളുകളിൽ വിദ്യാരംഗം വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക.

2. കുറഞ്ഞത് പത്ത് കുട്ടികൾ ഉണ്ടെങ്കിൽ തളിര് വായന മത്സരം നടത്താം.

3. ചോദ്യങ്ങൾ തളിര് കേന്ദ്രീകരിച്ച് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തന്നെ സ്കൂളുകളിൽ എത്തിച്ച് നൽകും.

4. സ്ക്കൂൾ തലത്തിൽ പത്തിൽ ഒന്നും വീതം വിജയികളെ തിരഞ്ഞെടുത്ത് ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിക്കാം.

(മറുപുറം)

5. വിജയികൾക്ക് 500 രൂപയുടെ ഗിഫ്റ്റ് കൂപ്പണും സർട്ടിഫിക്കറ്റും ഇൻസ്റ്റിറ്റ്യൂട്ട് നൽകും.

6. ഗിഫ്റ്റ് കൂപ്പൺ ഉപയോഗിച്ച് തിരഞ്ഞെടുത്ത പുസ്തകശാലകളിൽ നിന്നും കുട്ടികൾക്ക് പുസ്തകങ്ങൾ വാങ്ങാവുന്നതാണ്.

7. തളിര് മാസികയുടെ വാർഷിക വരി സംഖ്യ 110 രൂപയാണ് പത്ത് കുട്ടികൾക്ക് ഒന്നിച്ചടച്ചാൽ 1000 രൂപ അടച്ചാൽ മതി.

   നൂറു കുട്ടികളാണെങ്കിൽ 110 X 100 = 11000 പകരം 10000 രൂപ അടച്ചാൽ മതി.

8. വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ മത്സര ഇനങ്ങൾക്കുള്ള വിവരങ്ങൾ തളിര് മാസികയിൽ ഉണ്ടായിരിക്കും

9. എസ്എസ്എ , ആർഎംഎസ്എ എന്നിവയിൽ നിന്ന് തളിര് മാസികയുടെ വരിക്കാരാകാൻ തുക നൽകുന്നതിന് എസ്എസ്എ, ആർഎംഎസ്എ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുക കിട്ടുന്ന മുറയ്ക്ക് നിർദ്ധനരായ കുട്ടികൾക്കായി തുക വിനിയോഗിക്കാൻ പ്രധാനാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

കോപ്പി :

1. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ
2. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
4. വിദ്യാരംഗം, കോ ഓർഡിനേറ്റർ
   ഡിപിഐ ഓഫീസ്